**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 675** **05-10-2021 - ൽ മറുപടിയ്ക്ക്**

**കൊയിലാണ്ടി 11 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ കൊയിലാണ്ടി നഗരസഭാ പരിധിയിൽ അനുവദിച്ച 11 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായി കെ.എസ്.ഇ.ബി. ചെയ്ത് തീർക്കാൻ ബാക്കിയുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | കൊയിലാണ്ടി മണ്ഡലത്തിൽ 110 കെ.വി സബ്സ്റ്റേഷനാണ് പരിഗണനയിൽ ഉള്ളത്. ടി പ്രവൃത്തി ചെയ്യുന്നതിന് 05.01.2021ൽ 20.6 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതാണ്. ടി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് നഗരപരിധിയിൽ മൂന്ന് സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഈ സ്ഥലങ്ങളുടെ രേഖകൾ ശേഖരിച്ചു വരികയാണ്. ടി രേഖകൾ കിട്ടുന്ന മുറയ്ക്ക് കെ.എസ്.ഇ.ബി ലിമിറ്റഡിന് അനുയോജ്യമായ സ്ഥലം തിരഞ്ഞെടുക്കുന്നതാണ്. തിരഞ്ഞെടുക്കപ്പെടുന്ന ഭൂമി കെ.എസ്.ഇ.ബി ലിമിറ്റഡിന് കൈമാറ്റം ചെയ്യപ്പെടുന്നതിന് വേണ്ടി റവന്യൂ വകുപ്പിന്റെ ഉത്തരവ് ലഭിക്കേണ്ടതാണ്. ടി ഉത്തരവിന് ശേഷം കളക്ടറുടെ നേതൃത്വത്തിൽ ഡിസ്ട്രിക്ട് ലെവൽ ഫെയർ കോമ്പൻസേഷൻ, റിഹാബിലിറ്റേഷൻ ആന്റ് റീ സെറ്റിൽമെന്റ് കമ്മിറ്റിയും, സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയും നടത്തി അതിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള സ്ഥലം കെ.എസ്.ഇ.ബി ലിമിറ്റഡിന് കളക്ടേറ്റ്/റവന്യൂ വകുപ്പ് മുഖാന്തിരം ലഭ്യമാക്കേണ്ടതായിട്ടുണ്ട്. |
| (ബി) | നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ? | (ബി) | സ്ഥല ലഭ്യതയ്ക്ക് ശേഷം ജൂൺ 2022-ഓടുകൂടി ടി സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ